# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 401 – 13/01/2021 - ലെ മറുപടിക്ക്

### 2021- 22 വാർഷിക പദ്ധതി

ചോദ്യം

ഉത്തരം

ശ്രീ.എം. ഉമ്മർ

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | 2021-22 വർഷത്തെ വാർഷിക പദ്ധതിയിൽ മുൻഗണന ഏതൊക്കെ മേഖലകൾക്കാണെന്ന് അറിയിക്കാമോ; | 2021-22 വർഷത്തെ വാർഷിക പദ്ധതിയിൽ മുൻഗണന ഏതു മേഖലകൾക്കാണെന്ന് 2021-22 വർഷത്തെ ബജറ്റ് അവതരണത്തിനു ശേഷം മാത്രമേ വ്യക്തമാകുകയുള്ളൂ. |
| (ബി) | തദ്ദേശസ്ഥാപനങ്ങൾക്ക് നീക്കി വയ്ക്കുന്ന തുക നിർദ്ദിഷ്ട പദ്ധതികൾക്ക് യഥാസമയം ചെലവിടുന്നുണ്ടെന്ന് ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | തദ്ദേശ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള പദ്ധതി ചെലവിന്റെ പുരോഗതി വിലയിരുത്തുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനുമായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചീഫ് സെക്രട്ടറി എല്ലാ വകുപ്പ് സെക്രട്ടറിമാരും ഉൾപ്പെടുന്ന പദ്ധതി ചെലവ് അവലോകന കമ്മിറ്റി യോഗം എല്ലാ ത്രൈമാസങ്ങളിലും കൂടാറുണ്ട്. സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി നിർവ്വഹണം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഓരോ മാസവും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വകുപ്പ് സെക്രട്ടറിമാരുടെ യോഗം നടത്തുകയും, പ്രസ്തുത യോഗത്തിൽ പദ്ധതി നടപ്പിലാക്കുമ്പോഴുള്ള പ്രശ്നങ്ങൾ അവതരിപ്പിക്കുകയും അത് പരിഹരിക്കുന്നതിനായി വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. സംസ്ഥാന ആസൂത്രണ ബോർഡിൽ വാർഷിക പദ്ധതി രൂപീകരണ ചർച്ചയിൽ പദ്ധതികളുടെ പുരോഗതി വിലയിരുത്താറുണ്ട്. സംസ്ഥാന ആസൂത്രണ ബോർഡിന്റെ പ്ലാൻ സ്പേയ്സ് സാങ്കേതിക വിദ്യയിലൂടെയാണ് ഇത് നടപ്പിലാക്കുന്നത്. കൂടാതെ, ജില്ലാ തലത്തിൽ എല്ലാ മാസവും അവസാന ശനിയാഴ്ച്ച ദിവസങ്ങളിൽ ജില്ലാ |

| | | | |
|---|---|---|---|
| | | | കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ വികസന സമിതി കൂടുകയും ബഹുമാനപ്പെട്ട എം.പി മാർ, എം.എൽ.എ മാർ എന്നിവർ ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ വിവിധ വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവരുടെ യോഗത്തിൽ ജില്ലയിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടത്തിപ്പ് പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. |
| (സി) | പദ്ധതി പ്രവർത്തനങ്ങൾ മുൻകൂട്ടി ആരംഭിക്കാൻ ഗ്രീൻബുക്ക് സംവിധാനം നടപ്പിലാക്കാൻ<br>ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | | സാമ്പത്തിക വർഷത്തിന്റെ ആദ്യം മുതൽ തന്നെ Working/Special Working ഗ്രൂപ്പുകൾ കൂടി പദ്ധതികൾക്ക് അംഗീകാരം നൽകി വരികയാണ്. |

സെക്ഷൻ ഓഫീസർ